(ബി) ഈ പ്രതിനിധിയെ എന്ന് നോമിനേററ് ചെയ്യുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ, ബി) ഏഴാം കേരള നിയമസഭയിലേക്കുള്ള ആംഗ്ലോ ഇൻഡ്യൻ പ്രതിനിധിയെ നോമിനേററ് ചെയ്യുന്ന കാര്യം ഗവൺമെൻറ് പരിഗണിച്ചുവരികയാണ്.

## ജനറൽ അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിലെ സംവരണം

704. [1151] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനറൽ അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിൽ ഇപ്പോൾ ആകെ എത്ര ഗസററഡ് നോൺ ഗസററഡ് ഉദ്യോഗസ്ഥൻമാർ ഉണ്ട് ;

(ബി) അതിൽ ഓരോ വിഭാഗത്തിലുമായി എത്ര പട്ടികജാതി-പട്ടികവർഗ്ഗക്കാർ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഓരോ വിഭാഗത്തിലും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സംവരണ ശതമാനം പാലിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ കാരണമെന്ത് ;

(ഇ) ഓരോ വിഭാഗത്തിലും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സംവരണ ശതമാനം പാലിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉദ്യോഗ നിയമനത്തിനും, സംവരണതത്വം പാലിക്കുന്നതിനും അഡ്മിനിസ്ട്രേററീവ് സെക്രട്ടേറിയററ് ഒരു യൂണിററായിട്ടാണ് പരിഗണിച്ചു വരുന്നത്. ജനറൽ അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറ് പ്രത്യേകമായി കണക്കാക്കുന്നില്ല.

1-1-1982-ലെ കണക്കനുസരിച്ച് അഡ്മിനിസ്ട്രേററീവ് സെക്രട്ടേറിയററിൽ ഒട്ടാകെ 549 ഗസററഡ് ഉദ്യോഗസ്ഥൻമാരും 2303 നോൺ ഗസററഡ് ഉദ്യോഗസ്ഥൻമാരുമാണുള്ളത്.

(ബി) ഗസററഡ് വിഭാഗം — 25
നോൺഗസററഡ് വിഭാഗം —267

കൂടാതെ ഗസററഡ് വിഭാഗത്തിൽ 11 തസ്തികയിലേക്കും നോൺ ഗസററഡ് വിഭാഗത്തിൽ 7 തസ്തികയിലേക്കും നിയമനം നടത്തുന്നതിന് നടപടികൾ നടന്നുവരുന്നുണ്ട്.

(സി) ഗസററഡ് വിഭാഗത്തിൽ സംവരണ ശതമാനം പൂർണ്ണമായും കൈവരിച്ചിട്ടില്ല. എന്നാൽ നോൺ ഗസററഡ് വിഭാഗത്തിൽ സംവരണ ശതമാനം നേടിയിട്ടുണ്ട്.

(ഡി&ഇ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സർവ്വീസിലെ പ്രാതിനിധ്യക്കുറവ് പരിഹരിക്കാൻ വേണ്ടി സ്പെഷ്യൽ റിക്രൂട്ടുമെൻറ് പദ്ധതി ഏർപ്പെടുത്തിയിട്ടുണ്ട്. ഓരോ വർഷവും ജനുവരി ഒന്നാം തീയതിയിലെ സ്ററാഫ് നിലവാരം പരിശോധിച്ച് നിയമാനുസൃതം അർഹമായ തസ്തികകൾ സംവരണം ചെയ്യുന്നുണ്ട്. നിശ്ചിത ശതമാനം പ്രാതിനിധ്യം ലഭിക്കുന്നതുവരെ ഇതു തുടരുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly